www.wadirahma.org

Lead Square
WADIRAHMA

# WADI VOICE
## Students Bulletin

ലക്കം 3 നവംബർ 2020
Published By : The Students Union, Lead Square Wadirahma

ലേഖനം

# പരലോക ജീവിതം

**മുഹമ്മദ് ഷിബിൽ** Class X

ഈ പ്രപഞ്ചം ഒരുനാൾ നശിക്കും. അല്ലാഹുവും അവനിച്ഛിക്കുന്നതും ഒഴികെ സകലതും നശിച്ചുപോകും. അതിനുശേഷം മനുഷ്യരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കും. എന്നിട്ട് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കി ഓരോരുത്തരും ചെയ്തിട്ടുള്ള നന്മതിന്മകളെക്കുറിച്ച് വിചാരണ നടത്തും. നന്മ ചെയ്തവർക്ക് സ്വർഗം ലഭിക്കും. തിന്മ ചെയ്തവർക്ക് നരകം ലഭിക്കും. ഇതിനെ ആഖിറത്ത് അഥവാ പരലോകം എന്ന് പറയുന്നു.

كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ثُمَّ إِلَيْنَا تُرْجَعُونَ

ഓരോ ആത്മാവും മരണത്തെ ആസ്വദിക്കുക തന്നെ ചെയ്യും. പിന്നീട് നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.)

മനുഷ്യരെല്ലാം മരണത്തിലൂടെ ഭൂമുഖത്തുനിന്ന് വിടവാങ്ങുന്നു. തങ്ങളുടെ കർമഫലം മുഴുവൻ ഏറ്റുവാങ്ങിക്കൊണ്ടല്ല ആരും മരണമടയുന്നത്. നന്മയുടെ പ്രതിഫലമോ തിന്മയുടെ ശിക്ഷയോ പൂർണമായി ആർക്കും ഈ ഭൂമുഖത്തുനിന്നും ലഭിക്കുന്നില്ല. യഥാർഥ നീതി നൽകാൻ മറ്റൊരു ലോകം അനിവാര്യമായിത്തീരുന്നു. മരണം എല്ലാറ്റിന്റെയും അന്ത്യമല്ല. അതൊരു മാറ്റം മാത്രം. ജീവിതം അവിരാമം തുടരുകതന്നെ ചെയ്യും. മരണശേഷം മറ്റൊരു ലോകത്തുവെച്ചാണ് മനുഷ്യൻ അവന്റെ കർമഫലം അനുഭവിക്കേണ്ടി വരിക. ഓരോ മനുഷ്യനും അവൻ പ്രവർത്തിച്ചതിന്റെ ഫലമാണ് ലഭിക്കുക.

മനുഷ്യന്റെ കർമങ്ങളൊക്കെയും വളരെ സൂക്ഷ്മമായും കണിശമായും ഭൂമിയിലെ ജീവിതകാലത്ത് രേഖപ്പെടുത്തുന്നുണ്ട്. എല്ലാം അവന് അനുകൂലമായോ പ്രതികൂലമായോ മരണശേഷം പരലോകത്ത് സാക്ഷ്യമായിത്തീരുന്നു. അങ്ങനെ മനുഷ്യൻ തന്റെ കർമങ്ങൾക്കനുസരിച്ച് സ്വർഗമോ നരകമോ ഏറ്റുവാങ്ങുന്നു. ഇപ്രകാരം കർമഫലമനുഭവിക്കാനുള്ള ശാശ്വതമായ ഇടമാണ് മരണാനന്തരലോകം അഥവാ പരലോകം.

മരണശേഷമുള്ള ജീവിതത്തിന് രണ്ട് ഘട്ടമുണ്ട്. ഒന്നാമത്തേത് മരണത്തെത്തുടർന്ന് ഖബറിടത്തിൽ പ്രവേശിക്കുന്നതുമുതൽ ഉയിർത്തെഴുന്നേൽപ്പുവരെയുള്ള കാലം. ഈ ജീവിതഘട്ടത്തിന് ബർസഖിയായ ജീവിതം എന്നാണ് പറയുക. തുടർന്നാണ് പരലോകജീവിതം ആരംഭിക്കുന്നത്.

ഭൗതിക സുഖങ്ങളിൽ മുഴുകി രസിച്ചും കൂത്താടിയും ജീവിച്ചു കൊണ്ടിരിക്കുന്ന നമ്മൾ മനസ്സിലാക്കുന്നില്ല ഇനിയൊരു കാലം വരാനുണ്ടെന്ന്. മരണശേഷം നമ്മൾ എത്തിച്ചേരുന്ന ഇടമാണ് പരലോകം. പരലോകത്ത് വെച്ചാണ് നമ്മൾ വിചാരണക്ക് വിധേയമാകുക. ആ നിമിഷങ്ങൾ ഭയാനകരമാണ്. ആരാണ് സ്വർഗ്ഗത്തിലേക്ക് പോവുക, ആരാണ് നരകത്തിലേക്ക് വലിച്ചെറിയപ്പെടുക എന്നതൊന്നും പ്രവചിക്കാൻ പോലും പറ്റാത്ത നേരം.

ഖുർആനിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്

وَمَا هَٰذِهِ ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ ٱلدَّارَ ٱلْءَاخِرَةَ لَهِىَ ٱلْحَيَوَانُ ۚ لَوْ كَانُوا۟ يَعْلَمُونَ

ഒചളൂച’ ഏചണ്ടു0ജൂഏജ്ജ ൂഉഞെചഖചഒു)ചര ൂഉ/ഝചരഎഞെഖച’ട %ജൂഉഝച’ ഉചഏഞെഒഘ ഒചഉച9ജു(ഘ ജ്ഞ ഒച%ജൂഎഝച ൂഉ/ഝച’1ച ൂഉഞെണ്ടo ച’ ഈ ലോകജീവിതം കേവലം ഒരു വിനോദവും വഴിതിരിച്ചുവിടലും മാത്രമാണ്; അവർ അറിഞ്ഞിരുന്നെങ്കിൽ യഥാർത്ഥ ജീവിതം പരലോകത്താണ്)

മേൽപ്പറഞ്ഞ ആയത്തിൽ നിന്നു തന്നെ നമുക്ക് വ്യക്തമാണ് ഇഹലോകത്തെക്കുറിച്ചുള്ള യാഥാർഥ്യം.
അറിവുള്ളവർ പറയുന്നതുപോലെ പോലെ ‘സൂക്ഷിക്കുക, സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട’. അല്ലാഹു പ്രവാചകന്മാരിലൂടെ കാണിച്ചുതന്ന സദ്പാന്ഥാവിലൂടെ സഞ്ചരിക്കുക. പക്ഷേ ആരെയും കാണിക്കാൻ വേണ്ടി ആകരുത് നമ്മുടെ സൽകർമ്മങ്ങൾ. കാരണം പരലോകത്ത് വെച്ച് വെച്ച് വിധി പറയുന്ന സമയത്ത് അത് അല്ലാഹു എടുത്തു പറയും.
ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹു പരലോകത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്. വന്നു ഭവിക്കാനുള്ള ആ യാഥാർഥ്യത്തിനു വേണ്ടി നമ്മൾ

# ദയാലുവായ കുട്ടി

**ആയിഷ നസ്റിൻ** Class VIII




ഒരു മഴക്കാലം.പുഴകളിൽ വെള്ളം നിറഞ്ഞു കവിഞ്ഞു . നെൽപ്പാടങ്ങളും മലകളും വീണ്ടും പച്ചപുതച്ചു. ഗ്രാമവാസികൾ സന്തുഷ്ടരായി. ദൈവങ്ങൾക്ക് വഴിപാടുകൾ നടത്തി, അവർ ആ മഴക്കാലം നന്നായി ആഘോഷിച്ചു.

എന്നാൽ ഒരു കൂട്ടം ഉറുമ്പുകളുടെ കാര്യം ആകെ കഷ്ടത്തിലായിരുന്നു. കനത്ത മഴ മൂലം ഉറുമ്പിൻകൂട് മിക്കവാറും മുങ്ങാറായി. ജീവൻ തന്നെ അപകടത്തിലായ അവർ കൂട് ഉപേക്ഷിച്ച് മറ്റൊരു സ്ഥലം അന്വേഷിച്ചു പോകാൻ നിർബന്ധിതരായി.

കൂട്ടംകൂട്ടമായി അവർ യാത്ര തിരിച്ചു. അങ്ങനെ ഒരു പുഴയുടെ തീരത്ത് എത്തിയപ്പോൾ മറുകര കടക്കാനാവാതെ അവർ കുഴങ്ങി. പുഴ കരകവിഞ്ഞൊഴുകുകയായിരുന്നു.

കുറേ സമയമായി ഉറുമ്പിൻ കൂട്ടങ്ങളെ നോക്കി നിൽക്കുകയായിരുന്നു രാമു. പുതിയ പാർപ്പിടം അന്വേഷിച്ച് പോകുന്ന ഉറുമ്പുകളെ സഹായിക്കണം എന്ന് അവനു തോന്നി. അവൻ കുറെയധികം ഇലകൾ എടുത്തു ചേർത്ത് പിടിച്ച് നീണ്ട ഒരു  പാലം ആക്കി പുഴയുടെ ഇരുകരകളും തമ്മിൽ ബന്ധിപ്പിച്ചു. ഉറുമ്പുകൾ സന്തോഷത്തോടെ പാലം കടന്നു. രാമുവിന് നന്ദി പറഞ്ഞ്, പുതിയ താമസസ്ഥലവും അന്വേഷിച്ചു യാത്ര തുടർന്നു.




# പരലോകത്തെക്കുറിച്ചൊരു പുസ്തകം

**ഫുആദ് സനീൻ** Class IX

ദൈവം, പ്രപഞ്ചം, മനുഷ്യൻ, ജീവിതം, എന്നിവയെ സംബന്ധിച്ച് സമഗ്രവും സുഭദ്രവുമായ ഒരു സവിശേഷ വീക്ഷണവും ഭാവനയുമുണ്ട് ഇസ്‌ലാമിന്.മൗലികവും സർവ്വപ്രധാനവുമായ പ്രസ്തുത കാഴ്ചപ്പാടിന്റെ കാമ്പും കാതലുമാണ് പരലോകം.പ്രശസ്ത ഇസ്‌ലാമിക പണ്ഡിതനും ഗ്രന്ഥകാരനുമായ കെ സി  അബ്ദുല്ല മൗലവിയുടെ ഏറെ അർത്ഥവത്തായ ഒരു പുസ്തകമാണ് പരലോകം ഖുർആനിൽ.


പരലോകമെന്നത് ഖുർആനിൽ പലയിടത്തായി പ്രതിപാദിക്കപ്പെട്ട ഒരു വിഷയമാണ്.ഇപ്പോൾ നാം ജീവിക്കുന്ന ലോകമാണ് ഇഹലോകം, ഇത് ക്ഷണികമാണ്. ഇഹലോക ജീവിതത്തിന് ശേഷമുള്ള പരലോക ജീവിതമാണ് ശാശ്വതമായത്.സത്യത്തിൽ മരണത്തിനു ശേഷം മറ്റൊരു ജീവിതമുണ്ടോയെന്ന് ചിന്തിച്ചിട്ടില്ലേ?

ഈ ലോകം ഒരുനാൾ നശിക്കുമെന്ന് ശാസ്ത്രം തന്നെ കണ്ടെത്തിയിട്ടുണ്ട്. മാത്രവുമല്ല അല്ലാഹു നമ്മെ സൃഷ്ടിച്ച് ഈ ഭൂമിയിലേക്ക് വിട്ടിരിക്കുന്നത് വെറുതെയാകില്ലല്ലോ. ഈ ഭൂമിയിൽ വെച്ച് നാം ചെയ്ത കർമ്മങ്ങൾക്കൊക്കെയും പ്രതിഫലം ലഭിക്കേണ്ടതല്ലേ? തീർച്ചയായും, നൻമയിൽ വർത്തിച്ച്  അല്ലാഹുവിനെയും അവന്റെ വിധി വിലക്കുകളും അനുസരിച്ച് ജീവിച്ച സച്ചരിതരായ ആളുകൾ സ്വർഗ്ഗവും
അല്ലാഹുവിനെയും അവന്റെ ദീനിനെയും അവന്റെ പ്രവാചകന്മാരെയും കളവാക്കി തിന്മകൾ പ്രവർത്തിച്ച് താന്തോന്നികളും തെമ്മാടികളുമായി ജീവിച്ചവർക്ക് നരകവും ലഭിക്കുക തന്നെ ചെയ്യും.

പരലോകത്തിന്റെ സാക്ഷാൽ സ്വഭാവവും യാഥാർഥ്യവും നമുക്കറിയില്ല. ഇവിടെവച്ച് അതറിയുക സാധ്യവുമല്ല. എന്നാൽ ലോകത്തെക്കുറിച്ചുള്ള ഏറെക്കുറെ കാര്യങ്ങളും രക്ഷാശിക്ഷകളുമെല്ലാം ഖുർആനിലും ഹദീസുകളിലും പ്രതിപാദിക്കുന്നുണ്ട്. അവയെല്ലാം സമഗ്രമായി അവതരിപ്പിക്കുകയാണ് ഈ ഗ്രന്ഥത്തിലൂടെ നിർവഹിക്കുന്നത്. ജീവിതത്തിന്റെ വിവിധഘട്ടങ്ങളെക്കുറിച്ചും, പരലോകത്തിന് നേരെ മാനസികമായി എന്ത് സമീപനമാണ് നാം സ്വീകരിക്കേണ്ടതെന്നും, ബർസഖീ ജീവിതവും (ഖബറിലെ ജീവിതം) പുനരുത്ഥാനവും, മഹ്ശറയും,സ്വർഗ്ഗനരകങ്ങളെക്കുറിച്ചുമെല്ലാം ഖുർആനിലും ഹദീസിലും പ്രതിപാദിക്കുന്ന കാര്യങ്ങൾ വിഷയാധിഷ്ഠിതമായി പഠിച്ച്, ശക്തമായ ശൈലിയിൽ, സാധാരണക്കാർക്കും വേഗത്തിൽ ഗ്രഹിച്ചെടുക്കാനാകുന്ന സരളമായ ഭാഷയിൽ ഈ പുസ്തകം അവതരിപ്പിക്കുന്നു.
സ്വർഗനരകങ്ങളെക്കുറിച്ചും ബർസഖീ ജീവിതവും, മഹ്ശറുമെല്ലാം വളരെ സമഗ്രമായി വിശകലനം ചെയ്ത്, ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന ഈ പുസ്തകം ഇസ്‌ലാമിക സാഹിത്യത്തിലെ തന്നെ അമൂല്യ കൃതിയും നേരിലേക്ക് നയിക്കുന്ന ഉത്തമ കൈപുസ്തകവും ആണെന്നതിൽ സംശയമില്ല.

സമകാലീന സാഹചര്യത്തിൽ വായിച്ചവർ തന്നെ പുനർവായന നടത്തേണ്ടതും ഇസ്‌ലാമിനെക്കുറിച്ചും പരലോകത്തെക്കുറിച്ചും പഠിക്കാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും വായിച്ചിരിക്കേണ്ടതുമായ ഒരു പുസ്തകമാണിത്. അല്ലാഹുവിനെയും പരലോകത്തെയും ഉൾക്കൊണ്ട് സച്ചരിതരായി ജീവിക്കാൻ ശക്തമായി ആഹ്വാനം ചെയ്യുകയും അതിനായി നമുക്ക് വെളിച്ചത്തിന്റെ പാത തുറന്നിട്ട് തരികയും ചെയ്യുകയാണ് പ്രശസ്ത പണ്ഡിതനും കൂടിയായ ഗ്രന്ഥകാരൻ ഈ കൃതിയിലൂടെ. ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് 100 രൂപയാണ് മുഖവില.






കവിത

# മഹാമാരി

**ഹിബ ഫാത്തിമ പി.പി** Class X

നദി പോൽ കവിഞ്ഞൊഴുകും ലോകം
വേർപാടിൻ നൊമ്പരം കേൾക്കാം
കൊറോണയെന്ന മഹാമാരിയാൽ
കണ്ണുനീരിലായല്ലോ ലോകവും ജനവും

ആരോടിതു  പറയാൻ
ആരുണ്ടിതു കേൾക്കാൻ


പ്രാർത്ഥനകളും ദിക്റും നിറയും
മസ്ജിദിൻ വഴികൾ വിജനം
അറിവോതും വിദ്യാലയ വാതിൽ
അടഞ്ഞതിൻ വേദനയാണുള്ളിൽ

ആരോടിതു  പറയാൻ
ആരുണ്ടിതു കേൾക്കാൻ

ആളുകളോടകലം പാലിക്കിൻ
അകന്നകന്ന് ശാന്തമാവിൻ
അസുഖമുള്ളൊരു നേരത്തും
ബന്ധുവില്ല ബന്ധവുമില്ലാ
ഒറ്റയായ് നിൽക്കും നൊമ്പരം

ആരോടിതു  പറയാൻ
ആരുണ്ടിതു കേൾക്കാൻ

കഥ



# അയാൾ

**ഹിബ ഫാത്തിമ** XI HUMANITIES

ഇടതൂർന്ന് നിൽക്കുന്ന ആ ആൽമരത്തിന്റെ ഇലകൾക്കിടയിലൂടെ സൂര്യ രശ്മികൾ അയാളുടെ മുഖത്ത് പതിച്ചുകൊണ്ടേയിരുന്നു. ജീവച്ഛവമായ ഒരു ശരീരം പോലെയായിരുന്നു അയാൾ. ആ പടുവൃദ്ധൻ എഴുന്നേറ്റിരുന്നു. ദേവീക്ഷേത്രത്തിൽ നിന്നും ദീപാരാധന ഉച്ചത്തിൽ കേൾക്കുന്നുണ്ട്. അമ്പലത്തിന്റെ മുമ്പിലുള്ള പച്ചപ്പുനിറഞ്ഞ വയലിലേക്കും അമ്പലക്കുളത്തിലേക്കും അയാൾ ദൃഷ്ടിയുറപ്പിച്ചിരുന്നു. സന്ധ്യാ തുടിപ്പുകൾ പ്രപഞ്ചത്തെ വലയം വെച്ചുകൊണ്ടിരുന്നു. അമ്പലക്കുളത്തിലേക്കെത്തുന്ന ഭക്തരുടെ കണ്ണുകളെല്ലാം അറിയാതെ അയാളിലേക്ക് പതിഞ്ഞു കൊണ്ടിരുന്നു.
പക്ഷേ ആരും തന്നെ എന്തിനാണ് അയാൾ അവിടെ ഇരിക്കുന്നതെന്ന് ചോദിച്ചില്ല. ചിലർ വന്ന് ഭക്ഷണ വസ്തുക്കളോ ചില്ലറത്തുട്ടുകളോ മുന്നിൽ വെച്ചു കൊടുക്കും.

അന്നും അയാൾക്ക് കുറച്ച് സഹായങ്ങൾ ലഭിച്ചു. കുറച്ച് ചില്ലറ കാശായി. ആളുകളുടെ ബഹളവും അമ്പലത്തിലെ ശബ്ദവും കേട്ടിരിക്കുമ്പോഴാണ് ഒരു കുട്ടിയും അമ്മയും അതിലൂടെ കടന്നുപോയത്. ആ കുട്ടി അയാളെ ഇമവെട്ടാതെ കുറച്ചുനേരം നോക്കി നിന്നു. അയാൾ ആ കുട്ടിയെ നോക്കി കൈകൊണ്ട് ആംഗ്യം കാണിക്കുകയും ചിരിക്കുകയും ചെയ്തു.

ആ വൃദ്ധന്റെ മനസ്സ് ഒന്ന് തണുത്തു. അയാൾ ആലോചിച്ചു. ഇന്നത്തേക്ക് രണ്ടു വർഷം. സ്വന്തം മകൻ തന്നെ അറിയില്ലെന്ന് പറഞ്ഞ് വീട്ടിൽ നിന്നും പുറത്താക്കിയിട്ട് രണ്ടു വർഷം. രാവും പകലും കടന്നുപോയത് അയാൾ അറിഞ്ഞതേയില്ല. പക്ഷേ അയാളുടെ മനസ്സിലെ കനൽ മാത്രം പെട്ടെന്ന് കെട്ടടങ്ങിയില്ല. എന്നും തന്റെ മകന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും. നട തുറക്കുമ്പോൾ ദേവീ വിഗ്രഹം ആദ്യം കാണുന്നത് അയാളെയായിരിക്കും.

സ്വന്തം രക്തത്തിലുണ്ടായ മകനു വേണ്ടിയാണ് അയാൾ ജീവിച്ചിരുന്നത്. വളർന്ന് വലുതായപ്പോൾ മകന് അയാളെ വേണ്ടാതെയായി. അയാളുടെ കണ്ണുകൾ നിറഞ്ഞ് തുടങ്ങി. നെഞ്ചത്തു കൈവെച്ച് പൊടുന്നനെ ആൽത്തറയിലേക്ക് മറിഞ്ഞുവീണു. പതുക്കെ ആ ശ്വാസം നിലച്ചു. അപ്പോൾ അമ്പലത്തിൽ നിന്നും ആരാധന കഴിഞ്ഞ് കുട്ടിയും അമ്മയും തിരിച്ച് വരുന്നുണ്ടായിരുന്നു. കുട്ടി അപ്പോഴും ആ വൃദ്ധനെ നോക്കികൊണ്ടേയിരുന്നു. ഇനി ആ വൃദ്ധൻ തന്നെ നോക്കി ചിരിക്കില്ലെന്നറിയാതെ.....



# Good bye

ADEEBA KP Class IX

The truth now unfolds
The story is now told
Crying eyes
Hidden lies
Just too many good byes
Now it is forever, like
before
But now is different.
I have closed the door
Sorry is just a word
and now the memories
Will become blurred

# ART



**Ahammed Al Amri**



**Aysha Husna** class VII


# ART



**Minha P** Class - IX



**Rasiya** class-VIII







**NIZAM MOHAMED** XII - COMMERCE




Lead Square
WADIRAHMA

# WADI VOICE
## Students Bulletin

Staff Editor :
Jareer Illikkal
Student Editor :
Shana Yasmine

Lead Square
WADIRAHMA

Kodiyathur
Mukkam,Calicut-673602
04952209137
www.wadirahma.org
alislahwadirahma@gmail.com